**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4966** **14-03-2023 - ൽ മറുപടിയ്ക്ക്**

**റോഡ് മെയിന്റനൻസ് ആന്റ് മാനേജ്മെന്റ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ അടിസ്ഥാന വിവരങ്ങളുടെ ഡിജിറ്റൈസേഷന്റെ ഭാഗമായി റോഡ് മെയിന്റനൻസ് ആന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | കോർ റോഡ് നെറ്റ് വർക്കിൽ ഉൾപ്പെട്ട 7000 കി.മീ. റോഡുകളിൽ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം മുഖാന്തിരം അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഏത് ഏജൻസിയ്ക്കാണ് പ്രസ്തുത പ്രവൃത്തികളുടെ കരാർ നൽകിയിട്ടുള്ളതെന്നും അതിനായി പ്രസ്തുത ഏജൻസിയ്ക്ക് എന്ത് തുക നൽകിയെന്നും അറിയിക്കുമോ; | (ബി) | Road Maintenance Management system ത്തിനുവേണ്ടി "Supply, Installation Testing and Commissioning of a Web Based Software System for Road Maintenance Management for the Kerala Public Works Department" എന്ന പ്രോജക്ടിന് M/s. TRL Professional & software Services (India) Pvt. Ltd., എന്ന കമ്പനിക്ക് കെ.എസ്.റ്റി.പി കരാർ നൽകിയിട്ടുണ്ട്. ടി പ്രോജക്ടിൽ ഉൾപ്പെട്ട Task കളായ iRoad Software, PWD 4U APP എന്നിവയുടെ നിർമ്മാണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ PWD road കളുടെ അടിസ്ഥാന വിവരങ്ങളുടെ ഡിജിറ്റെസേഷൻ നടത്തിയിട്ടുണ്ട്. ടി പ്രോജക്ടിന്റെ Payment Schedule – ൽ റോഡ് ഡിജിറ്റെസേഷനു മാത്രമായിട്ടുള്ള തുക പ്രത്യേകമായി ഉൾപ്പെടുത്തി യിട്ടില്ല. Supply, Installation, Testing and Commissioning of a Web Based Software System for the Kerala Public Works Department എന്ന പ്രോജക്ടിനും അതിനു ആവശ്യമായി വന്ന Variation കൾക്കുംവേണ്ടി പ്രസ്തുത ഏജൻസിക്ക് നാളിതുവരെ നൽകിയ തുക 4,18,77,160 രൂപയാണ്. |
| (സി) | സംസ്ഥാന പാതകൾ അല്ലാതെയുള്ള പ്രധാനപ്പെട്ട പി.ഡബ്ല്യൂ.ഡി. റോഡുകളെ ഉൾപ്പെടുത്തി ഒരു കോർ റോഡ് നെറ്റ് വർക്ക് സ്ഥാപിക്കുന്നതാണെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എത്ര കിലോമീറ്റർ | (സി) | 07/04/2020 ലെ ജി.ഒ (പി) നം. 01/2020/ പി.ഡബ്ല്യൂഡി പ്രകാരം 4293 കി.മീ. സ്റ്റേറ്റ് ഹൈവേ ഉൾപ്പെടെ 7000 കി.മീ. റോഡ് കോർറോഡായി നോട്ടിഫൈ ചെയ്തിട്ടുണ്ട് |

| | | | |
|---|---|---|---|
| | റോഡുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ